# തിരുവനന്തപുരം സിറ്റി പോലീസ്

## പത്രക്കുറിപ്പ്

# വ്യാജവിവാഹ സർട്ടിഫിക്കറ്റ് നിർമ്മിച്ച് യുവതിയെ മാലി സ്വദേശിയ്ക്ക് വിവാഹം ചെയ്ത കൊടുത്ത തട്ടിപ്പസംഘം പിടിയിൽ

# സ്ഥാപനത്തിൽ അതിക്രമിച്ച് കയറി സ്വർണ്ണവും പണവും കവർച്ച നടത്തിയ സംഘത്തിലെ രണ്ടുപേർ പിടിയിൽ

## വ്യാജവിവാഹ സർട്ടിഫിക്കറ്റ് നിർമ്മിച്ച് യുവതിയെ മാലി സ്വദേശിയ്ക്ക് വിവാഹം ചെയ്ത കൊടുത്ത തട്ടിപ്പസംഘം പിടിയിൽ

തിരുവനന്തപുരം :- നിർദ്ധന യുവതിയെ മാലി സ്വദേശിയ്ക്ക് നിയമവിരുദ്ധമായി വിവാഹം ചെയ്ത കൊടുത്തും വ്യാജവിവാഹ സർട്ടിഫിക്കറ്റ് നിർമ്മിച്ച് നൽകിയും പണം തട്ടിയെടുത്ത സംഘത്തിലെ രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വള്ളക്കടവ് സ്വദേശി ഹാജ നിസ്സാമുദ്ദീൻ (48), മുട്ടത്തറ വടുവത്ത് കോവിൽ സ്വദേശി ആനന്ദ് (41) എന്നിവരെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസ്സിലെ പ്രധാന പ്രതിയായ മണക്കാട് ഗംഗാ നഗറിൽ ഡോ.അസീസ് ഒളിവിലാണ്. ഇയാൾ ആയുർവേദ ഡോക്ടറാണ്.

കഴിഞ്ഞ ഡിസംബറിൽ തിരുവനന്തപുരത്ത് ചികിത്സയ്ക്ക് എന്ന പേരിൽ എത്തിയ മാലി സ്വദേശിയായ യൂസഫ് അബ്ദുൾ കരീം എന്ന മധ്യവയസ്കനിൽ നിന്നും 2000 ഡോളർ വാങ്ങിയാണ് ഭർത്താവ് ഉപേക്ഷിച്ച, മൂന്ന് കുട്ടികളുടെ മാതാവുമായ യുവതിയെ സംഘം പ്രലോഭിപ്പിച്ച് വിവാഹം നടത്തിയത്. ഡോ.അസീസിന്റെ ഗംഗാ നഗറിലെ വീട്ടിൽ വച്ച് വിവാഹം നടത്തുകയും ആൾ ഇന്ത്യ മുസ്ലീം കൌൺസിൽ എന്ന സംഘടനയുടെ പേരിലുള്ള വ്യാജലെറ്റർ പാഡിൽ വിവാഹം മുസ്ലീം ജമാഅത്ത് ഹാളിൽ വച്ച് ഇമാമിന്റെ കാർമ്മികത്വത്തിൽ നടന്നതായി കാണിച്ച് വ്യാജവിവാഹ സർട്ടിഫിക്കറ്റ് നൽകുകയായിരുന്നു. തുടർന്ന് മാലിയിലേയ്ക്ക് പോയ ദമ്പതികൾ മാലി സർക്കാർ അതോറിറ്റിയ്ക്ക് സർട്ടിഫിക്കറ്റ് ഹാജരാക്കിയപ്പോൾ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് കണ്ടെത്തിയ അധികൃതർ തിരുവനന്തപുരം ഫോറിനേഴ്സ് റീജ്യണൽ

രജിസ്ട്രേഷൻ ഓഫീസർ (എഫ്.ആർ.ആർ.ഒ)-ക്ക് വിവരം നൽകുകയും എഫ്.ആർ.ആർ.ഒ-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശപ്രകാരമാണ് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യതും പ്രതികളെ അറസ്റ്റ് ചെയ്യതും. ഒളിവിൽ പോയ ഡോ.അസീസിന്റെ വീട്ടിൽ നടത്തിയ റെയ്ഡിൽ ഇത്തരത്തിലുള്ള നിരവധി വ്യാജവിവാഹ സർട്ടിഫിക്കറ്റുകൾ പോലീസ് കണ്ടെടുത്തിട്ടുണ്ട്. പ്രതികൾ സമാനരീതിയിലുള്ള തട്ടിപ്പുകൾ നടത്തിയിട്ടുണ്ടോ എന്ന് കണ്ടെത്താൻ പോലീസ് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഫോർട്ട് അസ്സിസ്റ്റന്റ് കമ്മീഷണർ അനിൽദാസിന്റെ നേതൃത്വത്തിൽ എസ്.എച്ച്.ഒ ബിനു.സി, എസ്.ഐ-മാരായ സജു എബ്രഹാം, സെൽവിയസ് രാജ്, സി.പി.ഒ-മാരായ ബിനു, സാബു, പ്രഭല്ലൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.


ഹാജ നിസ്സാമുദ്ദീൻ (46)


ആനന്ദ് (41)

## സ്ഥാപനത്തിൽ അതിക്രമിച്ച് കയറി സ്വർണ്ണവും പണവും കവർച്ച നടത്തിയ സംഘത്തിലെ രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം :- വനിതകൾ നടത്തി വന്ന സ്ഥാപനത്തിൽ അതിക്രമിച്ച് കയറി വാതിൽ പൂട്ടിയിട്ട് ഭീഷണിപ്പെടുത്തി പണവും സ്വർണ്ണവും കവർച്ച നടത്തിയ സംഘത്തിലെ രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വള്ളക്കടവ് പ്രിയദർശിനി നഗർ ഹസീന മൻസിലിൽ ഷബീർ അലി (36), വള്ളക്കടവ് പ്രിയദർശിനി നഗർ ലാൽ മൻസിലിൽ ലാൽ ഖാൻ (43) എന്നിവരെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്യത്.

2020 നവംബറിലാണ് കവർച്ച നടന്നത്. അഞ്ചംഗമോഷണസംഘം പാറ്റൂരിൽ സ്ത്രീകൾ മാത്രമായി നടത്തി വന്ന 'വീട്ടിലെ ഊണ്' എന്ന ഫുഡ് പാഴ്സൽ സ്ഥാപനത്തിൽ വൈകുന്നേരം 4.00 മണിയോടെ അതിക്രമിച്ച് കടന്ന് വാതിൽ പൂട്ടിയിട്ട് കത്തി കാണിച്ച് ഭീഷണിപ്പെടുത്തി 40,000/- രൂപയും ഒരു പവന്റെ സ്വർണ്ണമാലയും

മൊബൈൽ ഫോണും മോഷ്ടിച്ചെടുത്ത് കടന്ന് കളയുകയായിരുന്നു. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിഞ്ഞ് മോഷണസംഘത്തിലെ അംഗങ്ങളായ മനോജ്, ഉണ്ണികൃഷ്ണൻ എന്നിവരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. ഒളിവിൽ ആയിരുന്ന പ്രതികളെ അന്വേഷിച്ച് വരവെ ശംഖുമുഖം അസ്സിസ്റ്റന്റ് കമ്മീഷണർ എം.എ.നസീറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് മണക്കാട് നിന്നും പ്രതികളെ പിടികൂടിയത്. വഞ്ചിയൂർ എസ്.എച്ച്.ഒ രഗീഷ് കുമാർ, എസ്.ഐ പ്രജീഷ് കുമാർ, എസ്. സി.പി.ഒ-മാരായ അബ്ദുൾ ഷുക്കൂർ, സീസർ, അരുൺ കുമാർ, സി.പി.ഒ-മാരായ നവീൻ, സൂരജ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.



ലാൽ ഖാൻ (43)



ഷബീർഅലി (36)
1

തിരുവനന്തപുരം സിറ്റി
22-02-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി